അതിന്റെ നടപടിയുമായി മുന്നോട്ടു പോയി. എന്നാൽ ഇപ്പോഴും എല്ലാം ശരിയായി. പേപ്പറെല്ലാം ശരിയായി പൊതുമരാമത്തു വകുപ്പിൽ ഇരിക്കുകയാണ്. അതിന് അടിയന്തിരമായി അംഗീകാരം കൊടുത്ത് അതിന്റെ പണി ആരംഭിക്കണം. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളും തിങ്ങി താമസിക്കുന്ന ഒരു പ്രദേശമാണത്. അതിനാവശ്യമായ പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അടിയന്തിരമായി അതിന്റെ പണി ആരംഭിക്കണം.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): അതിനാവശ്യമായ പണി ഇക്കൊല്ലം തന്നെ ഏറ്റെടുത്ത് നടത്തുന്നതാണ്.

(7) കശുവണ്ടിയുടെ വില

ശ്രീ. കെ. സി. ജോസഫ്: കശുവണ്ടിയുടെ സീസൺ ആരംഭിച്ചതോടുകൂടി കശുവണ്ടി കർഷകരുടെ മനസ്സിൽ വളരെ ആശങ്ക ഉണ്ടായിരിക്കുകയാണ്. അന്തർദേശീയ മാർക്കറ്റിൽ കശുവണ്ടിയ്ക്കുള്ള വർദ്ധിച്ച വിലയുടെ ആനുകൂല്യം പൂർണ്ണമായും കർഷകർക്ക് കിട്ടത്തക്കവണ്ണം ഒരു സംവിധാനം ഈ ഗവൺമെന്റ് ഏർപ്പെടുത്തണം. സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കശുവണ്ടിക്ക് ഒരോ കൊല്ലവും മെച്ചമായ വില ലഭിക്കുന്നുണ്ട്. ഇത്തവണയും ആ സ്ഥിതിയിൽനിന്നു വ്യത്യസ്തമായി വരാൻ പാടില്ല. കശുവണ്ടിക്ക് ഇന്ന് അന്തർദേശീയ മാർക്കറ്റിൽ ഉള്ള വിലയുടെ പൂർണ്ണമായ പ്രയോജനം കർഷകർക്ക് ലഭിക്കുവാൻ പ്രത്യേകിച്ച് കാപ്പെക്സും ക്യാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷനും സഹകരണസംഘങ്ങളിലൂടെ കശുവണ്ടി സംഭരിക്കാനുള്ള സംരംഭം ഏർപ്പെടുത്തണം. കശുവണ്ടി കർഷകരെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ ഈ ഗവൺമെന്റ് ശ്രദ്ധിക്കണം.

ശ്രീ. ഇ. അഹമ്മദ്: സ്വതന്ത്ര വിപണിയിൽ മൽസരിക്കുമെന്ന ഗവൺമെന്റിന്റെ തീരുമാനത്തെ തുടർന്ന്, കശുവണ്ടി പരിപ്പിന് ഇപ്പോൾ അന്താരാഷ്ട്ര വിപണിയിൽ മൂന്നര ഡോളറോളം വിലയുണ്ട്. വരുന്ന സീസണിലും തോട്ടണ്ടിക്ക് വളരെ നല്ല വില കിട്ടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷം തോട്ടണ്ടിക്ക് നല്ല വിലയായിരുന്നു. അതുകൊണ്ട് ഈ വർഷവും ഇതേ നയം തുടരുന്നതും, തോട്ടണ്ടിക്ക് ഈ വർഷവും കൂടുതൽ വില കിട്ടുകയും ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു.

(8) ശിവഗിരിയിലെ ശുദ്ധജല ക്ഷാമം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇന്ന് ശിവഗിരിയിലെ തീർത്ഥാടന പരിപാടികളും ആരംഭിക്കുകയാണ്. അവിടെ പതിനായിരക്കണക്കിന് ആളുകൾക്ക് കുടിവെള്ളം കിട്ടാത്ത ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ പ്രധാന പരികർമ്മിയാണല്ലോ. അതുകൊണ്ട് ഞാൻ പറയുന്നത് വർക്കല മുനിസിപ്പൽ പട്ടണ പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനാവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കണമെന്നാണ്. ഇന്ന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ അവിടെ ഒരു കുഴൽ കിണർ കണ്ടുപിടിച്ചു. 1,75,000ഓളം ഗ്യാലൻ വെള്ളം കിട്ടുന്ന ഒരു കുഴൽ കിണറാണിത്. അതിന് സമഗ്ര

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു പദ്ധതി ഡിപ്പാർട്ടുമെൻറ് തയ്യാറാക്കി ചീഫ് എഞ്ചിനീയറുടെ പക്കലുണ്ട്. അത് വാട്ടർ ബോർഡ് അതോറിറ്റിയുടെ മുൻപിലിരിക്കുകയാണ്. അടിയന്തിരമായി അതിന് സാങ്ഷൻ കൊടുക്കണം. വർക്കലയിലെ ജലക്ഷാമം പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട്, ശ്രീനാരായണഗുരുവിന്റേയും, ജനങ്ങളുടേയും പേരിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): വർക്കലയിലെ ഇന്നത്തെ ഉറവയിൽ അവിടത്തെ ജനസംഖ്യക്ക് ആവശ്യമായി കൊടുക്കാനുള്ള വെള്ളം ഇല്ല. അതുകൊണ്ട് പുതുതായി കുഴിച്ച കുഴൽ കിണറിൽനിന്നും നമുക്ക് കൂടുതൽ വെള്ളം കൊടുക്കുന്നതിനുള്ള ഒരു പദ്ധതി കൊണ്ടുവരികയാണ്.

(9) വടകരയിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. കെ. ചന്ദ്രശേഖരൻ: വോൾട്ടേജ് കമ്മി കാരണം വടകര പ്രദേശം മുഴുവൻ വൈഷമ്യത്തിലാണ്. വടകര മുനിസിപ്പാലിറ്റി പ്രദേശത്തും, വടകര മണ്ഡലത്തിന്റെ ബാക്കി പ്രദേശത്തും, വടകര താലൂക്കിലും വൈദ്യുതിയുടെ കുറവു കാരണം വെളിച്ചമില്ലെന്ന മാത്രമല്ല, മുനിസിപ്പാലിറ്റിക്കകത്ത് ഇപ്പോൾ ജലവിതരണവുമില്ല. 90 ഹോഴ്സ് പവ്വർ മോട്ടോർ വച്ചാണ് ഇപ്പോൾ പമ്പ് വർക്ക് ചെയ്തിക്കുന്നത്. അതിൽ പകുതിപോലും വൈദ്യുതി പല സമയങ്ങളിലും കിട്ടുന്നില്ല. ഒരു ദിവസം രണ്ടോ, മൂന്നോ മണിക്കൂർ പൂർണ്ണമായും വൈദ്യുതി കിട്ടിയാൽ മാത്രമേ അത് പ്രവർത്തിപ്പിക്കാൻ നിവൃത്തിയുള്ളൂ. ആദ്യം കോഴിക്കോട് നിന്നായിരുന്നു വടകരയിലേക്ക് വൈദ്യുതി വിതരണം ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ കർണ്ണാടകയിൽനിന്ന് രാമഗുണ്ഡത്തിലേക്ക് പുതിയ ലൈൻ വന്നിട്ടുണ്ട് എന്ന് കേൾക്കുന്നുണ്ട്. അത് കോഴിക്കോട്വന്ന് കുറ്റ്യാടി വഴി കണ്ണൂർ പോയിട്ട് കണ്ണൂരിൽനിന്നാണ് ഇപ്പോൾ കുറച്ച് ദിവസങ്ങളായി വടകരയിലേക്ക് വൈദ്യുതി സപ്ലൈ ചെയ്യുന്നത്. അതിനുശേഷം ആദ്യം തന്നെ അവിടെ വോൾട്ടേജ് കമ്മിയാണ്. ഇപ്പോൾ വോൾട്ടേജ് കമ്മി അന്നത്തേതിനെക്കാൾ വളരെ കൂടുതലായിരിക്കുന്നു. അഞ്ചുദിവസം മുൻപ് രാത്രി പല റോഡുകളിലും ഞാൻ തന്നെ നടന്നത് ടോർച്ച് പിടിച്ചിട്ടാണ്. വെള്ളം കിണറ്റിൽനിന്നാണ് ലഭ്യമാകുന്നത്. മുനിസിപ്പാലിറ്റിയിലെ വാട്ടർ സപ്ലൈ തീരെ നിലച്ചിരിക്കുന്നു. അവിടത്തെ വോൾട്ടേജ് ക്ഷാമം വളരെ കൂടുതലായിരിക്കുന്നത് ലഘൂകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ട നടപടികൾ സർക്കാർ അടിയന്തിരമായും എടുക്കണം.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ബഹുമാനപ്പെട്ട വടകര മെമ്പർ പറഞ്ഞതുപോലെ രാമഗുണ്ഡത്തിൽനിന്നും മൈസൂർ വഴിയെടുക്കുന്ന വിദ്യുച്ഛക്തിയാണ് ഇപ്പോൾ മലബാർ പ്രദേശങ്ങളിലും, കോഴിക്കോടിന് വടക്കുള്ള പ്രദേശങ്ങളിലും ഉപയോഗിക്കുന്നത്. അതൊരാവശ്യമാണ്. കാരണം നമ്മുടെ ജലസംഭരണികളിൽ ജലം വളരെ കുറവാണ്. ഈ കൊല്ലം ഇനിയെങ്ങനെ അവസാനിക്കുമെന്നുപോലും പറയാൻ വയ്യാത്തവണ്ണം വെള്ളം കുറവാണ്. പക്ഷേ രാമഗുണ്ഡത്തിൽ നിന്നും എടുക്കാനുള്ളതിന്റെ പരമാവധി നമ്മൾ എടുത്തില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly